# **ഹൃദയ വിശാലതയ്ക്കായി ആഗ്രഹിക്കുക -** സാക് പുന്നൻ

WFTW മലയാളം 15 July 2012

1 രാജാക്കന്മാർ 3:16 -28ൽ ശലോമോന്റെ ജ്ഞാനത്തെ സംബന്ധിച്ച് ഒരു ഉദാഹരണം കാണുന്നു. ഒരു ദിവസം രണ്ടു വേശ്യമാർ ന്യായവിധിക്കായി അവന്റെ മുമ്പിൽ നിന്നു. അവർ ഒരേ ഭവനത്തിൽ പാർക്കുന്നവരും അടുത്തടുത്ത ദിവസങ്ങളിൽ ഓരോ കുഞ്ഞുങ്ങൾക്ക് ജന്മം നല്കിയവരുമായിരുന്നു. ഒരു രാത്രി ഉറങ്ങുമ്പോൾ അതിൽ ഒരുവൾ അബദ്ധത്തിൽ തന്റെ കുഞ്ഞിന്റെമേൽ വീഴുകയും അവളുടെ കുഞ്ഞു തൽക്ഷണം മരണപ്പെടുകയും ചെയ്തു. ഇത് തിരിച്ചറിഞ്ഞ ആ സ്ത്രീ അപ്പോൾ തന്നെ തന്റെ കുഞ്ഞിനെ ജീവനുള്ള കുഞ്ഞുമായി വച്ചുമാറി. പ്രഭാതമായപ്പോൾ കാര്യങ്ങൾ മനസ്സിലാക്കിയ മറ്റവൾ തന്റെ കുഞ്ഞിനെ തിരികെ ആവശ്യപ്പെട്ടു. ജീവനുള്ള കുഞ്ഞു ആരുടെതാണെന്നുള്ള തർക്കം ആ സ്ത്രീകൾ തമ്മിൽ ഉടലെടുത്തു. എങ്ങനെയാണ് ശലോമോൻ ഇത്തരം ഒരു സാഹചര്യത്തെ കൈകാര്യം ചെയ്യുന്നത്? ദൈവം ശലോമോന് ജ്ഞാനം നൽകി. ജീവനുള്ള ആ കുഞ്ഞിനെ രണ്ടായി മുറിച്ച് ഓരോ ഭാഗം ഓരോ സ്ത്രീകൾക്കും നൽകാൻ ശലോമോൻ നിർദ്ദേശിച്ചു. അപ്പോൾ ആ കുഞ്ഞിന്റെ യഥാർത്ഥ അമ്മ ഇങ്ങനെ പറഞ്ഞു - "വേണ്ട, അതിനെ കൊല്ലരുത്, കുഞ്ഞിനെ അവൾക്കു കൊടുത്തുകൊള്ളുവിന്". എന്നാൽ രണ്ടാമത്തെ സ്ത്രീ പറഞ്ഞു, "വേണ്ട, കുഞ്ഞിനെ രണ്ടായി മുറിച്ച് ഒരു പകുതി എനിക്കും മറ്റേ പകുതി അവൾക്കും ഇരിക്കട്ടെ". അപ്പോൾ എല്ലാവർക്കും മനസ്സിലായി ആരാണ് യഥാർത്ഥ അമ്മയെന്ന്. അപ്പോൾ ശലോമോൻ കൽപ്പിച്ചു, "കുഞ്ഞിനെ ആദ്യ സ്ത്രീയ്ക്ക് നൽകുക". എല്ലാ ഇസ്രായേലും ആ ന്യായവിധി കേൾക്കുകയും ദൈവം രാജാവിന് നൽകിയ ജ്ഞാനത്തെ കണ്ട് അവനെ ഭയപ്പെടുകയും ചെയ്തു.

ശലോമോന്റെ ജ്ഞാനം ഇന്ന് നാം ഇങ്ങനെയാണ് പ്രയോഗത്തിൽ വരുത്തേണ്ടത്. ഒരു സഭയിൽ ഒരുമിച്ചു പ്രവർത്തിച്ചിരുന്ന രണ്ടു സഹോദരന്മാർ തമ്മിൽ ഭിന്നതയുണ്ടായി എന്ന് കരുതുക. അതിലൊരാൾ സഭയെ പിളർത്തി തന്റെ കൂടെയുള്ളവരുമായി പുറത്തു പോകുന്നു. അങ്ങനെയെങ്കിൽ അയാൾ യഥാർത്ഥ അമ്മയാണോ? തീർച്ചയായും അല്ല. യഥാർത്ഥ അമ്മ ഇങ്ങനെയായിരിക്കും പറയുക, "വേണ്ട, സഭയെ പിളർക്കേണ്ട, സഭയെ പൂർണമായി നീ എടുത്തുകൊള്ളുക". വിശ്വാസികളുടെ സഭയെ ഒരിക്കലും പിളർക്കരുത്. സഭയെ വിട്ടു പോകുന്നതാണ് നല്ലത്. ആദ്യ സഭയിൽ ഒരു പിളർപ്പുണ്ടാക്കാതെ സ്വയം പിൻവാങ്ങി വേറെ എവിടെയെങ്കിലും പോയി പുതിയ ഒരു വേല തുടങ്ങുക. ദൈവം നിങ്ങളെ അനുഗ്രഹിക്കും. നിങ്ങൾ യഥാർത്ഥ അമ്മയാണെന്ന് കണ്ട് സഭയെ നയിക്കുന്നതിന് നിങ്ങളെ ചുമതലപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നുവെങ്കി ൽ ഒരു നാൾ മറ്റേ സ്ത്രീയെ മരണം വഴി നീക്കി കുഞ്ഞിനെ നിങ്ങൾക്ക് തരും. അവിടുന്ന് സാവൂളിനെ കൊന്ന് സിംഹാസനം ദാവീദിന് നൽകി. ഇന്നും ദൈവത്തിനു ഇത്തരം കാര്യങ്ങൾ ചെയ്യുവാൻ കഴിയും.അതിനാൽ ഒരിക്കലും കുഞ്ഞിനെ രണ്ടായി മുറിക്കരുത്. സഭയെ ഭിന്നിപ്പിക്കരുത്. മറ്റെവിടെയെങ്കിലും പോയി വേല ചെയ്യുക. ദൈവം തന്റെ കരത്താൽ നിങ്ങൾക്കത് നൽകട്ടെ. ഒരിക്കലും പിടിച്ചുപറിക്കുകയോ ഭിന്നിപ്പിക്കുകയോ ചെയ്യരുത്.

എപ്പോഴെങ്കിലും ഒരു സഭാ നേതൃത്വവുമായി എനിക്ക് വിയോജിപ്പുള്ളപ്പോൾ ഈ പ്രമാണമാണ് ഞാൻ പിന്തുടരുന്നത്. ചിലരെ എന്റെ കൂടെ കൂട്ടിക്കൊണ്ട് ഒരു സഭയെ ഭിന്നിപ്പിക്കുവാൻ ഞാൻ ഒരിക്കലും ശ്രമിച്ചില്ല. മറ്റെവിടെയെങ്കിലും പോയി ഞാൻ ഇങ്ങനെ പറയുകയാണ് ചെയ്തത്, "ദൈവമേ ഞാൻ ആദ്യം മുതൽ എല്ലാം പുതുതായി ആരംഭിക്കട്ടെ. എനിക്ക് മറ്റൊരു കുഞ്ഞിനെ തരിക. ആദ്യത്തെതിനായി ഞാൻ പോരാടുകയില്ല". എന്റെ ഈ മനോഭാവം കാരണം ദൈവം എന്നെ എന്റെ വേലയിൽ സമൃദ്ധിയായി അനുഗ്രഹിച്ചുവെന്നെനിക്ക് ഇപ്പോൾ സാക്ഷ്യം പറയുവാൻ കഴിയും. അതിനാൽ ആ വഴി നിങ്ങൾക്കും ഞാൻ ശുപാർശ ചെയ്യുന്നു.

# ഹൃദയ വിശാലതയ്ക്കായി ആഗ്രഹിക്കുക - സാക് പുന്നൻ

WFTW മലയാളം 15 July 2012

1 രാജാ. 4:29ൽ വായിക്കുന്നു "ദൈവം ശലോമോന് ഏറ്റവും വളരെ ജ്ഞാനവും, ബുദ്ധിയും, കടൽക്കരയിലെ മണൽ പോലെ ഹൃദയവിശാലതയും കൊടുത്തു". ഓർക്കുക; ശലോമോൻ ഒരു ചെറുപ്പക്കാരനായിരുന്നു. അതുകൊണ്ട് എല്ലാ ചെറുപ്പക്കാർക്കും ഈ വരങ്ങൾ ദൈവത്തോട് ചോദിക്കാം. ബുദ്ധിയും ജ്ഞാനവും മാത്രമല്ല, കടൽക്കരയിലെ മണൽ പോലെ ഹൃദയവിശാലതയും ചോദിക്കാം. ഇതിന്റെ അർത്ഥം, കടൽക്കരയിലെ മണൽ പോലെ അത്രയും അളവിൽ ദൈവജനത്തെ ഹൃദയത്തിൽ വഹിക്കുവാനുള്ള ഹൃദയവിശാലത.

ജലസ്നാനം സംബന്ധിച്ചും, അന്യഭാഷാവരം സംബന്ധിച്ചും നമ്മോട് വിയോജിപ്പുള്ള മറ്റൊരു വിഭാഗത്തിൽപ്പെട്ട ഒരു സഹോദരനുണ്ടെന്നു കരുതുക. എന്നാൽ അവനെ സ്വീകരിച്ചിരിക്കുന്നുവെങ്കിൽ നമ്മുടെ പ്രാർത്ഥന ഇങ്ങനെയായിരിക്കണം "ദൈവമേ ഈ വ്യക്തി എന്നോടൊപ്പം പ്രവർത്തിക്കുകയോ, യോജിക്കുകയോ ചെയ്യുന്നില്ലെങ്കിൽ കൂടി അവനെ ഊഷ്മളതയോടെ സ്വീകരിക്കുവാൻ എനിക്ക് ഹൃദയവിശാലത തരണമേ." ദൈവമക്കൾ ആയിട്ടുള്ള എത്രയും അധികം പേർ എന്റെ സഹോദരനും സഹോദരിയും ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടേതിൽ നിന്നും വ്യത്യസ്തമായ നിലപാടുള്ള ഒരു ദൈവമകനുണ്ടെന്നു കരുതുക. നാം ആ വ്യക്തിയെ സ്വീകരിക്കുമോ? ഒരിക്കൽ അല്പം സ്വർണാഭരണം അണിഞ്ഞുകൊണ്ട് ഒരു സഹോദരി സ്നാനത്തിനായി എന്റെ അടുക്കൽ വന്നത് ഞാൻ ഓർക്കുന്നു. വിശ്വാസികൾ ആഭരണം അണിയരുതെന്ന ഉത്തമ ബോദ്ധ്യം എനിക്കുണ്ട്. അത് 1 തിമോത്തിയോസ് 2:9, 1 പത്രോസ് 3:13 എന്നീ വാക്യങ്ങളിൽനിന്നും ഞാൻ മനസ്സിലാക്കിയിട്ടുള്ളതാണ്. എന്നാൽ ഈ സഹോദരി ആഭരണം അണിഞ്ഞിരിക്കുന്നു. ഞാൻ അവളെ സ്നാനപ്പെടുത്തുമോ ഇല്ലയോ? ദൈവം ആ സമയം ഒരു ചോദ്യം എന്നോട് ചോദിച്ചു, "ഞാൻ അവളെ സ്വീകരിച്ചില്ല എന്ന് നീ പറയുമോ." അപ്പോൾ ഞാൻ പറഞ്ഞു, "ദൈവമേ ഞാൻ കാണുന്നിടത്തോളം അവൾ യഥാർത്ഥമായി വീണ്ടും ജനിച്ചവൾ ആണ്. അതിനാൽ തന്നെ അവിടുന്ന് അവളെ സ്വീകരിച്ചു എന്നെനിക്കറിയാം". അപ്പോൾ ദൈവം പറഞ്ഞു "ഞാൻ സ്വീകരിച്ച ഒരാളെ നിനക്കെങ്ങനെ നിരസിക്കുവാൻ കഴിയും?" അതിനാൽ ഞാൻ അവളെ സ്വർണാഭരണങ്ങളോട് കൂടി സ്നാനപ്പെടുത്തി. ഈ വിഷയത്തിൽ അവൾക്കു പിന്നീട് വെളിച്ചം ലഭിക്കുമായിരിക്കും. എന്നാൽ അവളെ വിധിക്കുക എന്നത് എന്റെ കാര്യമല്ല. എന്റെ ബോദ്ധ്യങ്ങളിൽ നിന്നു വ്യത്യസ്തമായ നിലപാടുള്ളവരെ ദൈവം സ്വീകരിച്ചുവെങ്കിൽ ഞാനും സ്വീകരിക്കുവാൻ തയ്യാറാണ്.

ഒരിക്കൽ ഏതോ ഒരു വിഷയം സംബന്ധിച്ച് ദൈവം എന്നോട് ചോദിച്ചത് ഞാൻ ഓർക്കുന്നു. " ഈ കാര്യം മനസ്സിലാക്കുവാൻ നീ എത്രനാൾ എടുത്തു?" അതിനു ചില വർഷങ്ങൾ എടുത്തു എന്ന് ഞാൻ സമ്മതിച്ചു. എങ്കിൽ പിന്നെ ഈ കാര്യം മനസ്സിലാക്കുവാൻ സമയമെടുക്കുന്ന വ്യക്തിയോട് ക്ഷമിക്കുവാൻ നിനക്ക് എന്തുകൊണ്ട് സാധിക്കുന്നില്ല?". നമുക്കെല്ലാം ഹൃദയവിശാലത ആവശ്യമുണ്ട്. നാം ചെറുപ്പമായിരിക്കുമ്പോൾ സ്വതവേ എരിവുള്ളവരും, ഇടുങ്ങിയ ഹൃദയമുള്ളവരും ആയിരിക്കും. എല്ലാ കാര്യത്തിലും നമ്മോട് യോജിക്കുന്നവരെ മാത്രമേ അംഗീകരിക്കൂ. എന്റെ ചെറുപ്പകാലത്ത് ഞാൻ അങ്ങനെയായിരുന്നു എന്ന് പറയുവാൻ എനിക്ക് ലജ്ജയുണ്ട്. എന്റെ വിഡ്ഢിത്ത മനോഭാവങ്ങളിൽ ഒന്നായിരുന്നു അത്. എന്നാൽ ഞാൻ മുതിർന്നു വന്നപ്പോൾ ദൈവത്തെ കൂടുതൽ അറിയുകയും ഹൃദയവിശാലത വളരെ ആവശ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)